കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 07.08.2024 മുതൽ 11.08.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 32/2024 (63) ചൊവ്വാഴ്ച | തീയ്യതി 06/08/2024 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 07.08. 2024 | 08.08. 2024 | 09.08. 2024 | 10.08. 2024 | 11.08.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 2 | 0.1 | 2 | 7 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 7 | 8 | 8 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 6 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| - | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. നെല്പാടങ്ങളിലെ വെള്ളം മൂന്ന് ദിവസം വാർത്ത് കളയുക. ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിൽ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| കുരുമുളക് | ദ്രുതവാട്ടം | വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ വലിയ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| പച്ചക്കറികൾ (വെള്ളരി വർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | മഴക്കാലത്ത് വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കുളമ്പു ചീയൽ കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. .(CAADECCS, KVASU, Mannuthy).